**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ റോഷ്ന സി പി, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. എ5- 10276/2024/ജിമെഒ ഇടുക്കി തീയതി 21.10.2024

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 29495/2024/ആവഡ തീയതി 21.04.2025

3. ഉത്തരവ് നം DHS/29495/2024-EA4 തീയതി 31.07.2025

4. ഉത്തരവ് നം ഇഎ1- 11076/2022/ആവഡ തീയതി 10.03.2022

5. കുറിപ്പ് നം ഇഎ1- 11076/2022/ആവഡ തീയതി 06.06.2022

6. കത്ത് നം ഇഎ4- 11076/2022/ആവഡ തീയതി 06.05.2022

7. ഡോ റോഷ്ന സി പി സമർപ്പിച്ച അപേക്ഷ തീയതി 21.02.2023

**ഉത്തരവ് നം. DHS/29495/2024-EA4 തീയതി.22-10-2025**

ഡോ റോഷ്ന സി പി (Dr Roshna C P ), 01.07.2021 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. ഇടുക്കി പീരുമേട് താലൂക്കാസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയിൽ സേവനത്തിലിരിക്കവെ 02.07.2021 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി ഡോ റോഷ്ന സി

പി യുടെ ലഭ്യമായ മേൽവിലാസത്തിലേയ്ക്ക് അയച്ചിരുന്നെങ്കിലും ആയത് ടിയാൾ കൈപ്പറ്റാതെ തപാൽ വകുപ്പ് തിരികെ ലഭ്യമാക്കി. ആയതിനാൽ. ഡോ റോഷ്ന സി പി യുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ പതിനഞ്ച് ദിവസത്തിനകം ബോധിപ്പിക്കുന്നതിന് ടിയാൾക്ക് ഒരവസരം കൂടി നൽകി കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിനോടും ടിയാൾ പ്രതികരിച്ചിട്ടില്ല.

(2) ഡോ റോഷ്ന സി പിയെ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ പരാമർശം (4) പ്രകാരം ഇടുക്കി നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ നിയമന ഉത്തരവ് നൽകിയിരുന്നെങ്കിലും ടിയാൾ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. പരാമർശം (6) പ്രകാരം ടിയാൾക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഡോ റോഷ്ന സി പി, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ മുമ്പാകെ നേരിട്ട് ഹാജരാകുകയും നിലവിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ലെന്ന് അറിയിക്കുകയും ചെയ്തു. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ 02.07.2021 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ റോഷ്ന സി പി, ജൂനിയർ കൺസൾട്ടന്റ് ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം – ഡോ റോഷ്ന സി പി, ജൂനിയർ കൺസൾട്ടന്റ് ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 22-10-2025 17:22:35

**Dr REENA K J**
**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Roshna C P,**

**7C1, Sanjeevani, Near Govt Medical College,**

**695011**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
ഇടുക്കി.
3. സൂപ്രണ്ട്,
താലൂക്കാസ്ഥാന ആശുപത്രി, ഇടുക്കി.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ